**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4846 26.06.2019 ൽ മറുപടിക്ക്

**കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം**

**ചോദ്യം**

**ശ്രീ. ആർ. രാമചന്ദ്രൻ**

**മറുപടി**

**ഡോ.കെ.ടി.ജലീൽ**

**(ബഹു. ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപികയായി നിയമനം ലഭിച്ചിട്ടുള്ള ഷേർളി സാംസൺ-ന് നിയമന അംഗീകാരം നൽകിയിട്ടുണ്ടോ; ഇതിനായി കേരള യൂണിവേഴ്സിറ്റിയുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപികയായ ശ്രീമതി. ഷെർളി സാംസൺന്റെ നിയമനം യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടി നിയമനം സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ മേൽ നോട്ടത്തിൽ അന്വേഷണം നടക്കുന്നതിനാൽ ടി അദ്ധ്യാപികയുടെ നിയമനം അംഗീകരിച്ച് സർക്കാർ ശമ്പളം അനുവദിച്ചിട്ടില്ല. |
| (ബി) | യൂണിവേഴ്സിറ്റിയുടെ ശിപാർശ ലഭിച്ചിട്ടും അദ്ധ്യാപികയ്ക്ക് നിയമനാംഗീകാരം ലഭിക്കാത്തതിന് കാരണം വിശദമാക്കുമോ; | (ബി) | 19.09.2016-ലെ ഡി2/423/2016/ഉവിവ കത്ത് പ്രകാരം ഇംഗ്ലീഷ് വിഭാഗത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ പ്രതിനിധിയെ അനുവദിച്ചു. പ്രസ്തുത കത്ത് പ്രകാരം അദ്ധ്യാപക നിയമനം നടത്തിയിട്ടില്ല എന്ന് മാനേജർ സർക്കാരിനെ അറിയിക്കുകയും അതിൻ പ്രകാരം 03.07.2017-ൽ പുതുതായി സർക്കാർ പ്രതിനിധിയെ അനുവദിക്കുകയും ചെയ്തു. എന്നാൽ മാനേജ് മെന്റ് പുതുതായി സർക്കാർ പ്രതിനിധിയെ അനുവദിക്കുന്നതിന് മുൻപ് 01.06.2017-ൽ ടി അദ്ധ്യാപികയുടെ നിയമനം നടത്തിയിരിക്കുന്നു. ഈ വിഷയത്തിനുമേൽ അന്വേഷണം നടക്കുന്നതിനാൽ ടി അദ്ധ്യാപികയ്ക്ക് ശമ്പളം നൽകിയിട്ടില്ല. |
| (സി) | അദ്ധ്യാപികയ്ക്ക് എത്രയും വേഗം നിയമനാംഗീകാരം നൽകി ശമ്പളം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | പ്രസ്തുത അദ്ധ്യാപികയുടെ നിയമനം സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് ശമ്പളം അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ